**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1058.

08.01.2014-ലെ മറുപടിയ്ക്ക്

**ആക്കുളത്തെ അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ.**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരത്തെ ആക്കുളത്ത് നിർമ്മിക്കാൻ പദ്ധതിയിട്ട അന്താരാഷ്ട്ര കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (എ) നിർമ്മാണം ആരംഭിക്കുന്ന തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) എന്തെല്ലാം സൗകര്യങ്ങളോടു കൂടിയതായിരുന്നു നിർദ്ദിഷ്ട കൺവെൻഷൻ സെന്റർ; അന്താരാഷ്ട്ര കോൺഫറൻസുകൾ നടത്താനുള്ള സൗകര്യം ലക്ഷ്യമിട്ടിട്ടുണ്ടോ; | (ബി) രണ്ട് ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ആദ്യഘട്ട നിർമ്മാണത്തിൽ 5 സ്റ്റാർ കാറ്റഗറി ഹോട്ടൽ, അന്താരാഷ്ട്ര നിലവാരമുള്ള കൺവൻഷൻ സെന്റർ, സ്പായോട് കൂടിയ 25 വില്ലകൾ, മറീനാസ്, ജെട്ടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഘട്ട നിർമ്മാണത്തിൽ 100 കീ അപ്പാർട്ട്മെന്റ് ഹോട്ടൽ, കൺവൻഷൻ സെന്ററിന്റെ വിപുലീകരണം, അഡീഷണൽ വില്ലകൾ, വ്യാപാര സമുച്ചയങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. അന്താരാഷ്ട്ര കോൺഫറൻസുകൾ നടത്താനുള്ള സൗകര്യത്തോടുള്ള കൺവൻഷൻ സെന്ററിന്റെ നിർമ്മാണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| (സി) നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ? | (സി) പദ്ധതി പ്രദേശത്ത് വെറ്റ്ലാന്റ്, പാഡീലാന്റ് കൺവർഷനുമായി ബന്ധപ്പെട്ട് ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ